"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ: ഭൂജല4/67/2023-ജവിവ

ജലവിഭവ (ഭൂജല) വകുപ്പ്
തിരുവനന്തപുരം, തീയതി: 10-01-2025

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ജലവിഭവ (ഭൂജല) വകുപ്പ് - ശ്രീ. പ്രവീൺകുമാർ ബി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം ജില്ല ഓഫീസ്, ഭൂജല വകുപ്പ് - അനധികൃത ഹാജരില്ലായ്മ - അച്ചടക്ക നടപടി - താത്കാലിക ശിക്ഷ നിശ്ചയിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് സംബന്ധിച്ച്.

സൂചന:
1. 16/03/2012 തീയതിയിലെ സ.ഉ.(സാധാ)നം.335/2012/ജവിവ നമ്പർ സർക്കാർ ഉത്തരവ്.
2. 25/05/2017 തീയതിയിലെ ഭൂജല വകുപ്പ് ഡയറക്ടറുടെ ഇ(2)/1127/12/ഭൂജല നമ്പർ നടപടിക്രമം.
3. 15/07/2022 തീയതിയിലെ ഭൂജല വകുപ്പ് ഡയറക്ടറുടെ ഇ(2)/1127/2012/ഡി.ജി.ഡബ്ല്യൂ.ഡി നമ്പർ കത്ത്
4. 30/03/2023 തീയതിയിലെ ഭൂജല1/61/2017/Part (1) നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും
5. 30/10/2024 തീയതിയിലെ സ.ഉ.(സാധാ) നം. 827/2024/ജവിവ നമ്പർ സർക്കാർ ഉത്തരവ്.
6. 15/11/2024 തീയതിയിലെ GW/KNR/1809/24 നമ്പർ അന്വേഷണ റിപ്പോർട്ട്.

താങ്കൾ ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 B യിലെ നിബന്ധനകൾക്ക് വിധേയമായി സൂചന (1) പ്രകാരം 31/05/2017 വരെ അഞ്ച് വർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരുന്നു. തുടർന്ന് താങ്കളുടെ അപേക്ഷയിന്മേൽ സൂചന (2) പ്രകാരം 01/06/2017 മുതൽ അഞ്ചു വർഷത്തേയ്ക്കു കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. എന്നാൽ അവധി കാലാവധി അവസാനിച്ചതിനുശേഷവും സേവനത്തിൽ പുന:പ്രവേശിക്കാതെ അനധികൃതഹാജരില്ലായ്മയിൽ തുടരുന്നതിനാൽ താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സൂചന (3) പ്രകാരം ഭൂജല വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ഇപ്രകാരം കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹാജരില്ലായ്മയിൽ തുടർന്നത്, താങ്കളുടെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ വീഴ്ചയാണെന്ന് കണ്ട് 1960 ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 15 അനുസരിച്ച് അച്ചടക്ക നടപടി ആരംഭിക്കുകയും താങ്കൾക്കെതിരെ കുറ്റാരോപണ മെമ്മോയും

കുറ്റാരോപണ പത്രികയും സൂചന (4) പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു.

കുറ്റാരോപണ മെമ്മോ താങ്കൾക്ക് സ്പെഷ്യൽ മെസ്സഞ്ചർ മുഖേന നൽകുന്നതിനുള്ള നടപടി ഭൂജല വകുപ്പ് ഡയറക്ടർ സ്വീകരിച്ചെങ്കിലും താങ്കൾ കുടുംബസമേതം വിദേശത്താണെന്നും ആയതിനാൽ കുറ്റാരോപണ മെമ്മോ കൈമാറാൻ സാധിച്ചില്ല എന്നറിയിക്കുകയും ചെയ്തിരുന്നു. ആയതിനാൽ ടി കുറ്റാരോപണ മെമ്മോ ഭൂജല വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും കാരണം കാണിക്കൽ നോട്ടീസ് പത്രപരസ്യമായി 05/10/2023, 06/10/2023 തീയതിയായുള്ള കേരള കൗമുദി, ദീപിക എന്നീ ദിനപത്രങ്ങളിൽ നൽകുകയും ചെയ്തിരുന്നു. താങ്കൾക്കെതിരെ Rule 15 KCS & CCA, 1960 പ്രകാരം നടപടി എടുക്കാതിരിക്കണമെങ്കിൽ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം എതിർവാദ പത്രിക നൽകുകയോ, കേരള സർക്കാർ ജലവിഭവ (ഭൂജല) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ മുൻപാകെ ഹാജരാകുകയോ ചെയ്യണമെന്നാണ് അറിയിച്ചിരുന്നത്. ആയതിന് നാളിതുവരെയും താങ്കൾ നേരിട്ട് ഹാജാരാകുകയോ എതിർവാദപത്രിക സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

ഈ സാഹചര്യത്തിൽ ടി വിഷയത്തിൽ ചട്ടം അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി കണ്ണൂർ ജില്ലാ ഓഫീസർ ശ്രീ. ഷാബി. ബി, സീനിയർ ഹൈഡ്രോജിയോളജിസ്റ്റിനെ ചുമതലപ്പെടുത്തി സൂചന (5) പ്രകാരം ഉത്തരവായി. അന്വേഷണ ഉദ്യോഗസ്ഥൻ സൂചന (6) പ്രകാരം സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ടി ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി താങ്കളെ കണ്ണൂർ ജില്ല ആഫീസിൽ വെച്ച് 21/11/2024 തീയതിയിൽ നേരിൽ കേൾക്കുന്നതിന് ലഭ്യമായ മേൽവിലാസത്തിൽ അക്നോളഡ്ജ്മെന്റോടു കൂടിയ രജിസ്റ്റേർഡ് തപാലിൽ നോട്ടിസ് അയച്ചുവെങ്കിലും താങ്കൾ നേർ വിചാരണയിൽ പങ്കെടുക്കുകയോ," നാളിതുവരെ താങ്കളുടെ വാദഗതികൾ തപാലിലോ, ഇമെയിൽ മുഖേനെയോ, പ്രത്യേക ദൂതൻ മുഖേനെയോ സമർപ്പിക്കുകയോ ചെയ്തിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതോടൊപ്പം, താങ്കൾക്ക് നൽകിയ കുറ്റാരോപണമെമ്മോക്ക് എതിർവാദപത്രിക സമർപ്പിച്ചില്ലായെന്നതിൽ നിന്നും ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന് അനുമാനിക്കാവുന്നതാണെന്നും, ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായുള്ള നേർവിചാരണ നോട്ടിസിന് മറുപടിയൊന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലായെന്നും കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 അനുബന്ധം 12 ബി പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധി കഴിഞ്ഞതിനുശേഷം, ചട്ടപ്രകാരം സേവനത്തിൽ തിരികെ പ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന താങ്കൾക്കെതിരെ 1960 ലെ

കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 15 പ്രകാരമുള്ള ശിക്ഷാ നടപടികൾ തുടരാവുന്നതാണെന്ന് അഭിപ്രായം രേഖപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, വസ്തുതകളും, ബന്ധപ്പെട്ട രേഖകളും, അന്വേഷണ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ടുകളും, ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ അഭിപ്രായവും പരിശോധിച്ചതിൽ 31/05/2022 തീയതി മുതൽ സേവനത്തിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ താങ്കൾ ഗുരുതരമായ അച്ചടക്കലംഘനത്തിനും, കൃത്യവിലോപത്തിനും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്ന് കാണുന്നു. കേരള സർവ്വീസ് ചട്ടം ഭാഗം 1 അനുബന്ധം XII A, ലെ ഖണ്ഡിക 9 പ്രകാരവും 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡ്യർ ഖണ്ഡിക 53 പ്രകാരവും അവധി അനുവദിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന താങ്കളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകാതിരിക്കാൻ തക്കതായ കാരണമെന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് (അന്വേഷണ റിപ്പോർട്ട് ഉൾപ്പെടെ) കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ നിർദ്ദിഷ്ട താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

15/1/25

DEEPA N C
ജോയിന്റ് സെക്രട്ടറി

**ശ്രീ. ബി. പ്രവീൺകുമാർ**
**എക്സിക്യൂട്ടീവ് എഞ്ചിനീയർ (on LWA)**
(ഭൂജല വകുപ്പ് ഡയറക്ടർ മുഖേന)